REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 01-12-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക് സഭയിൽ ആദ്യ ദിവസം തന്നെ നടപടികൾ തടസ്സപ്പെട്ടു. രാജ്യസഭയിലും പ്രതിഷേധം.**
- **പാർലമെന്റ് ശീതകാല സമ്മേളനം ചടങ്ങല്ലെന്നും ഇന്ത്യയെ വികസനത്തിലേക്ക് നയിക്കുന്ന ശ്രമങ്ങളുടെ ഇന്ധനമാണെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **പീഡന പരാതി നൽകിയ യുവതിയെ അപമാനിച്ചെന്ന കേസിൽ രാഹുൽ ഈശ്വറിനെ വീട്ടിൽ എത്തിച്ച് തെളിവെടുത്തു.**
- **സ്വർണവില പവന് 480 രൂപ കൂടി.**
- **ഗുരുവായൂർ ഏകാദശി ഇന്ന്.**

## വാർത്തകൾ വിശദമായി

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക് സഭയിൽ ആദ്യ ദിവസം തന്നെ നടപടികൾ തടസ്സപ്പെട്ടു. ഉച്ചക്ക് 12 വരെ നിർത്തിവെച്ച സഭ പുനഃരാരംഭിച്ചെങ്കിലും പ്രതിപക്ഷം ബഹളം തുടരുകയാണ്. രാജ്യസഭയിലും പ്രതിപക്ഷ ബഹളത്തോടെയാണ് സമ്മേളനം പുരോഗമിക്കുന്നത്.

SIR അടക്കം വിഷയങ്ങളിൽ അടിയന്തര പ്രമേയം പരിഗണിക്കണമെന്ന് ആവശ്യപ്പെട്ടായിരുന്നു പ്രതിപക്ഷം സഭാ നടപടികൾ തടസ്സപ്പെടുത്തിയത്. തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിൽ ഗവൺമെന്റ് ചർച്ചക്ക് തയ്യാറാകണം എന്ന് ആവശ്യപ്പെടാൻ രാവിലെ INDI സഖ്യ കക്ഷികളുടെ യോഗം തീരുമാനിച്ചിരുന്നു.

കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയുടെ വസതിയിലായിരുന്നു സഖ്യനേതാക്കളുടെ യോഗം.

SIR-ൽ അടിയന്തര ചർച്ച ആവശ്യപ്പെട്ട് കോൺഗ്രസിലെ മാണിക്യം ടാഗോർ സ്പീക്കർക്ക് നോട്ടീസും നൽകിയിരുന്നു. രണ്ട് സമ്മേളനങ്ങളുടെ ഇടവേളയിൽ മരിച്ച അംഗങ്ങൾക്ക് സ്പീക്കർ ഓംബിർള ചരമോപചാരം അർപ്പിച്ച ശേഷമാണ് പ്രതിപക്ഷം പ്രതിഷേധം തുടങ്ങിയത്.

✪✪✪

പാർലമെന്റ് ശീതകാല സമ്മേളനം ചടങ്ങുമാത്രമല്ലെന്നും ഇന്ത്യയെ വികസനത്തിലേക്ക് നയിക്കുന്ന ശ്രമങ്ങളുടെ ഇന്ധനമാണെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇന്ത്യയുടെ സാമ്പത്തിക വളർച്ച ഉയരങ്ങളിൽ എത്തിക്കഴിഞ്ഞതായും അദ്ദേഹം പാർലമെന്റിൽ മാധ്യമങ്ങളെ അഭിസംബോധന ചെയ്യവെ അറിയിച്ചു. വികസിത രാജ്യം എന്ന ലക്ഷ്യത്തിലേക്ക് ഇന്ത്യയെ നയിക്കുന്ന പ്രധാന നേട്ടമായി അത് മാറിയെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

എല്ലാ പാർലമെന്റ് അംഗങ്ങളും സജീവ പങ്കാളിത്തത്തോടെ ജനാധിപത്യത്തിന്റെ ആരോഗ്യപരമായ പാരമ്പര്യം ഉയർത്തിപ്പിടിക്കുമെന്ന് ലോക് സഭാ സ്പീക്കർ ഓം ബിർള വിശ്വാസം പ്രകടിപ്പിച്ചു. പാർലമെന്റിന്റെ ശീതകാല സമ്മേളനം അർത്ഥവത്തും ഫലപ്രദവുമാകുമെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. രാജ്യത്തിന്റെ പ്രതീക്ഷകൾ, ജനാഭിലാഷം, ജനാധിപത്യ മൂല്യങ്ങൾ, MP-മാരുടെ കൂട്ടായ ഉത്തരവാദിത്തം എന്നിവ പ്രകടിപ്പിക്കുന്നതിന് ഏറ്റവും ഉയർന്ന വേദിയാണ് പാർലമെന്റെന്നും ഓം ബിർള അറിയിച്ചു.

✪✪✪

സാമ്പത്തിക സ്വാതന്ത്ര്യത്തിന് മാത്രമല്ല ആഗോള രംഗത്തെ സാമ്പത്തിക പങ്കാളത്തം വിപുലീകരിക്കുക കൂടിയാണ് ഇന്ത്യയുടെ ലക്ഷ്യമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു പറഞ്ഞു. ന്യൂഡൽഹിയിൽ ഫുട് വെയർ ഡിസൈൻ ആന്റ് ഡവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അവർ. കയറ്റുമതി വഴി 2500 മില്യൺ ഡോളറിലധികം സമ്പാദിക്കുന്ന ചെരുപ്പ് വ്യവസായം രാജ്യത്തിന്റെ സാമ്പത്തിക മേഖലയിൽ നിർണായകമാണന്നും രാഷ്ട്രപതി വിലയിരുത്തി.

✪✪✪

സംസ്ഥാന രൂപീകരണ ദിനം ആഘോഷിക്കുന്ന നാഗാലാന്റ് ജനതയ്ക്ക് രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്രമോദിയും ആശംസകൾ നേർന്നു. അതിരറ്റ പ്രകൃതി സൗന്ദര്യത്താൽ അനുഗ്രഹിത സംസ്ഥാനമായ നാഗാലാന്റ് അതുല്യമായ പൈതൃകവും അഭിമാനവുമാണെന്ന് പറഞ്ഞ രാഷ്ട്രപതി ജനതയ്ക്ക് സമൃദ്ധവും സമാധാനപരവുമായ ഭാവി ആശംസിച്ചു. സംസ്ഥാനം സമൃദ്ധിയുടെയും പുരോഗതിയുടേയും പാതയിൽ മുന്നേറുന്നത് തുടരുമെന്ന് പ്രധാനമന്ത്രി ആശംസാ സന്ദേശത്തിൽ പ്രത്യാശ പ്രകടിപ്പിച്ചു.

✪✪✪

തമിഴ്നാട്ടിലെ ശിവഗംഗയിലെ റോഡ് അപകടത്തിൽ 11 പേർക്ക് ജീവൻ നഷ്ടപ്പെട്ട സംഭവത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചിച്ചു. പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്ന് ആശംസിച്ച പ്രധാനമന്ത്രി മരിച്ചവരുടെ ബന്ധുക്കൾക്ക് ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതവും പരിക്കേറ്റവർക്ക് 50,000 രൂപ വീതവും സഹായധനം പ്രഖ്യാപിച്ചു.

✪✪✪

ന്യൂഡൽഹിയിൽ 'ജൈവായുധ കൺവെൻഷന്റെ 50 വർഷങ്ങൾ: ആഗോള ദക്ഷിണേന്ത്യയ്ക്ക് ജൈവ സുരക്ഷ ശക്തിപ്പെടുത്തൽ' എന്ന പ്രമേയത്തിൽ നടത്തിയ സമ്മേളനത്തിൽ വിദേശകാര്യ മന്ത്രി ഡോ. S. ജയശങ്കർ പങ്കെടുത്തു. കൺവെൻഷനിൽ എൺപതിലധികം രാജ്യങ്ങളിലെ വിദഗ്ധരുമായി ചർച്ചകൾ നടത്തിയതായും ജയശങ്കർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

26-ാമത് ഹോൺബിൽ ഫെസ്റ്റിവലിന് ഇന്ന് നാഗാലാൻഡിലെ കൊഹിമയിൽ തുടക്കമാകും. സംസ്ഥാന രൂപീകരണത്തോട് അനുബന്ധിച്ച്, പ്രധാന നാഗ ഗോത്രങ്ങളെ ഉൾപ്പെടുത്തി കിസാമ പൈതൃക ഗ്രാമത്തിലാണ് പത്ത് ദിവസത്തെ ആഘോഷം സംഘടിപ്പിക്കുന്നത്. രണ്ട് പതിറ്റാണ്ടിലേറെയായി, ലോകത്തിലെ ഏറ്റവും പ്രശസ്തമായ സാംസ്കാരിക ഉത്സവങ്ങളിലൊന്നായി ഹോൺബിൽ ഫെസ്റ്റിവൽ മാറിയിട്ടുണ്ട്.

✪✪✪

സംസ്ഥാന ഗവർണർമാരുടെ ഔദ്യോഗിക വസതിയായ രാജ് ഭവന്റെ പേര് ഇന്ന് മുതൽ ലോക് ഭവൻ എന്നായി മാറി. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ ഉത്തരവിനെ തുടർന്നാണ് പേരുമാറ്റം.

കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കറാണ് രാജ് ഭവനുകളുടെ പേരുമാറ്റം നിർദേശിച്ചത്. ലെഫ്റ്റനന്റ് ഗവർണർമാരുടെ വസതി ഇനി മുതൽ ലോക് നിവാസ് എന്നും അറിയപ്പെടും.

✪✪✪

നാവികസേനാദിനാഘോഷങ്ങളിൽ പങ്കെടുക്കുന്നതിന് രാഷ്ട്രപതി ദ്രൗപദി മുർമു മറ്റന്നാൾ  കേരളത്തിൽ എത്തും.  തിരുവനന്തപുരം ശംഖുമുഖം ബീച്ചിലെ ആഘോഷങ്ങളിൽ നാവികസേനയുടെ അഭ്യാസ പ്രകടനങ്ങൾ അരങ്ങേറും. നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് K ത്രിപാഠി പരിപാടിയ്ക്ക് ആതിഥേയത്വം വഹിക്കും. അന്ന് ലോക് ഭവനിൽ തങ്ങുന്ന രാഷ്ട്രപതി പിറ്റേ ദിവസം ഡൽഹിക്ക് മടങ്ങും.

✪✪✪

ദിത്വ ചുഴലിക്കാറ്റ് തീവ്ര ന്യൂനമർദ്ദമായി ദുർബലപ്പെട്ടു. കടലൂരിന് 90 കിലോമീറ്റർ കിഴക്കും, കാരയ്ക്കലിന് 130 കിലോമീറ്റർ വടക്ക്-കിഴക്കും, പുതുച്ചേരിക്ക് 90 കിലോമീറ്റർ കിഴക്കുമാണ് ന്യൂനമർദ്ദം കേന്ദ്രീകരിച്ചിരിക്കുന്നത്. ഇത് രാവിലെയോടെ കൂടുതൽ ദുർബലമാകാനാണ് സാധ്യത.

✪✪✪

എല്ലാ പാർലമെന്റ് അംഗങ്ങളും സജീവ പങ്കാളിത്തത്തോടെ ജനാധിപത്യത്തിന്റെ ആരോഗ്യപരമായ പാരമ്പര്യം ഉയർത്തിപ്പിടിക്കുമെന്ന് ലോക് സഭാ സ്പീക്കർ ഓം ബിർള വിശ്വാസം പ്രകടിപ്പിച്ചു. പാർലമെന്റിന്റെ ശീതകാല സമ്മേളനം അർത്ഥവത്തും ഫലപ്രദവുമാകുമെന്ന് അദ്ദേഹം സാമൂഹിക മാധ്യമത്തിൽ കുറിച്ചു. രാജ്യത്തിന്റെ പ്രതീക്ഷകൾ, ജനാഭിലാഷം, ജനാധിപത്യ മൂല്യങ്ങൾ, MP-മാരുടെ കൂട്ടായ ഉത്തരവാദിത്തം എന്നിവ പ്രകടിപ്പിക്കുന്നതിന് ഏറ്റവും ഉയർന്ന വേദിയാണ് പാർലമെന്റെന്നും ഓം ബിർള അറിയിച്ചു.

✪✪✪

ഭാരതത്തിന്റെ ആത്മാവാണ് ഹിന്ദുത്വം എന്ന ആശയമെന്ന് RSS ജനറൽ സെക്രട്ടറി ദത്താത്രേയ ഹൊസാബലെ പറഞ്ഞു. RSSന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഇൻഡോറിൽ പ്രമുഖ് ജൻ ഗോഷ്ഠിയിൽ പങ്കെടുക്കുകയായിരുന്നു ഹൊസാബലെ.

1975 ലെ അടിയന്തരാവസ്ഥയിലും അയോധ്യയിലെ രാമജന്മഭൂമി പ്രസ്ഥാനത്തിലും RSS സന്നദ്ധ സേവകർ നേരിട്ട യാതനകൾ അനുസ്മരിച്ച

അദ്ദേഹം കഴിഞ്ഞ നൂറ്റാണ്ടിൽ ഒരു ലക്ഷത്തിലധികം സേവന പ്രവർത്തനങ്ങൾ സംഘടന നടത്തിയിട്ടുണ്ടെന്നും പറഞ്ഞു.

✪✪✪

രാഹുൽ മാങ്കൂട്ടത്തിൽ MLA യ്ക്കെതിരെ ലൈംഗിക പീഡന പരാതി നൽകിയ യുവതിയെ അപമാനിച്ചെന്ന കേസിൽ രാഹുൽ ഈശ്വറിനെ തെളിവെടുപ്പിനായി പൊലീസ് തിരുവനന്തപുരം പൌഡിക്കോണത്തെ വീട്ടിൽ എത്തിച്ചു.ലാപ്ടോപ്, മറ്റു ഇലക്ട്രോണിക് ഉപകരണങ്ങൾ എന്നിവ കണ്ടെടുക്കാനാണ് തെളിവെടുപ്പ്.

സാമൂഹ്യ മാധ്യമങ്ങളിലൂടെയും മറ്റും പരാതിക്കാരിയുടെ വിവരങ്ങൾ വെളിപ്പെടുത്തുകയും അധിക്ഷേപങ്ങൾ നടത്തുകയും ചെയ്തുവെന്ന കേസിലാണ് ഇന്നലെ  രാഹുൽ ഈശ്വറിനെ പൊലീസ് അറസ്റ്റ് ചെയ്തത്.

✪✪✪

മസാല ബോണ്ടുമായി ബന്ധപ്പെട്ട കേസിൽ മുഖ്യമന്ത്രി പിണറായി വിജയനും മുൻ ധനമന്ത്രി തോമസ് ഐസക്കിനും എതിരെ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് അയച്ച നോട്ടീസ് രാഷ്ട്രീയ നാടകം മാത്രമാണെന്ന്  മന്ത്രി V. ശിവൻകുട്ടി പറഞ്ഞു.

കേരളത്തിന്റെ വികസന നട്ടെല്ലായ കിഫ്ബിയെ തകർക്കുന്ന ഏത് നീക്കത്തെയും ജനങ്ങളെ അണിനിരത്തി പ്രതിരോധിക്കുമെന്നും മന്ത്രി പറഞ്ഞു.

✪✪✪

തദ്ദേശതെരഞ്ഞെടുപ്പ് അടുത്തിരിക്കെ മസാല ബോണ്ടിൽ ED നോട്ടീസയച്ചത് മുഖ്യമന്ത്രിയെയും CPIM-നെയും ഭയപ്പെടുത്താൻ മാത്രമാണെന്നും, അതിലപ്പുറം ഒന്നും സംഭവിക്കില്ലെന്നും പ്രതിപക്ഷനേതാവ് VD സതീശൻ പറഞ്ഞു. എല്ലാ നടപടിക്രമങ്ങളും ലംഘിച്ചുകൊണ്ടാണ് മസാല ബോണ്ടിൽ പണം എടുത്തതെന്നും, അതിൽ അഴിമതിയുണ്ടെന്നും സതീശൻ പറഞ്ഞു. കൊല്ലം ചവറയിൽ മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു പ്രതിപക്ഷനേതാവ്.

അതിജീവിതയുടെ വിഷയത്തിൽ സന്ദീപ് വാര്യർക്കെതിരായ കേസിൽ നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെയെന്നും, പാർട്ടി ഒന്നിനെയും പ്രതിരോധിക്കുന്നില്ലെന്നും സതീശൻ പറഞ്ഞു. തെറ്റ് ആര് ചെയ്താലും ശിക്ഷിക്കപ്പെടണം, ആരാണ് തെറ്റ് ചെയ്തതെന്ന് അന്വേഷണത്തിൽ തെളിയട്ടെയെന്നും സതീശൻ അഭിപ്രായപ്പെട്ടു.

✪✪✪

അന്താരാഷ്ട്ര മാർക്കറ്റിൽ നിന്ന് കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കാമെന്നിരിക്കെ മസാല ബോണ്ടിലൂടെ കൂടിയ പലിശ നിരക്കിലാണ് ഡോ. തോമസ് ഐസക് വായ്പ എടുത്തതെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് രമേശ് ചെന്നിത്തല ആരോപിച്ചു. അന്താരാഷ്ട്ര മാർക്കറ്റിൽ നിന്ന് ബോണ്ട് മുഖേന വായ്പ എടുക്കുമ്പോൾ അതിന് നിയമ സാധുതയില്ലെന്നും രമേശ് ചെന്നിത്തല മാധ്യമങ്ങളോട് പറഞ്ഞു. മസാല ബോണ്ട് വിഷയത്തിൽ തോമസ് ഐസക് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും ലാവ്‌ലിൻ കമ്പനിക്ക് വേണ്ടിയാണ് ഇടപാട് നടത്തിയതെന്നും രമേശ് ചെന്നിത്തല പറഞ്ഞു.

✪✪✪

ED-യിൽ നിന്ന് നോട്ടീസ് ലഭിച്ചിട്ടുണ്ടെന്നും തെരഞ്ഞെടുപ്പ് കാലത്തെ ED-യുടെ സ്ഥിരം കലാപരിപാടിയാണിതെന്നും മുൻ മന്ത്രി ഡോ. തോമസ് ഐസക് പറഞ്ഞു. മസാലബോണ്ട് എല്ലാ നിയമങ്ങളും പാലിച്ചാണെന്നും ED-യുടെ ചോദ്യങ്ങൾക്ക് കൃത്യമായ മറുപടി നൽകിയതാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. എന്നിട്ടും നോട്ടീസ് അയക്കുന്നത് തെരഞ്ഞെടുപ്പ് കാലത്ത് കേസ് കുത്തിപ്പൊക്കുന്നതിന്റെ ഭാഗമാണെന്നും ഐസക് ആരോപിച്ചു.

✪✪✪

സ്വർണവില വീണ്ടും വർദ്ധിച്ചു. പവന് 480 രൂപ കൂടി 95,680 രൂപയായി. 11,960 രൂപയാണ് ഗ്രാമിന് വില.

✪✪✪

ഗുരുവായൂർ ഏകാദശി ഇന്ന്. ദശമി ദിവസമായ ഇന്നലെ പുലർച്ചെ മൂന്നിന് തുറന്ന ക്ഷേത്രനട ദ്വാദശി ദിനമായ നാളെ രാവിലെ 8ന് മാത്രമേ അടയ്ക്കൂ. തുടർച്ചയായി 53 മണിക്കൂർ നട തുറന്നിരിക്കും.

✪✪✪

അഹമ്മദാബാദിൽ AFC അണ്ടർ-17, ഫുട്ബോളിൽ ഇന്ത്യ എഷ്യൻ കപ്പിന് യോഗ്യത നേടി. ഇറാനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തകർത്താണ് ഇന്ത്യ ഏഷ്യൻകപ്പിന് യോഗ്യത നേടിയത്. AFC അണ്ടർ-17, ഏഷ്യൻകപ്പിന് യോഗ്യത നേടിയ ഇന്ത്യൻ ടീമിനെ കേന്ദ്രമന്ത്രി മൻസൂഖ് മാണ്ഡവ്യ അഭിനന്ദിച്ചു. യുവതാരങ്ങളുടേയും അവരുടെ പരിശീലകരുടേയും സപ്പോർട്ട് സ്റ്റാഫിന്റെയും കഠിനാദ്ധ്വാനവുമാണ് വിജയം പ്രതിഫലിപ്പിക്കുന്നതെന്ന് മാണ്ഡവ്യ സാമൂഹിക മാധ്യമത്തിൽ കറിച്ചു.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിന് സംസ്ഥാനത്ത് 244 കേന്ദ്രങ്ങൾ സജ്ജമാക്കിയിട്ടുണ്ടെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ അറിയിച്ചു. ത്രിതല പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് തലത്തിലും മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് അതാത് സ്ഥാപന തലത്തിലുമാണ് വോട്ടെണ്ണൽ കേന്ദ്രങ്ങൾ സജ്ജമാക്കിയത്. വോട്ടെടുപ്പിന് തലേന്ന് പോളിംഗ് സാധനങ്ങൾ വിതരണം ചെയ്യുന്നതും വോട്ടെടുപ്പിന് ശേഷം യന്ത്രങ്ങളും അനുബന്ധ രേഖകളും തിരികെ വാങ്ങുന്നതും ഇതേ കേന്ദ്രങ്ങളിലായിരിക്കും.

✪✪✪

ശനിയാഴ്ച രാത്രി അന്തരിച്ച കാനത്തിൽ ജമീല MLA യുടെ ഭൗതിക ശരീരം നാളെ രാവിലെ കോഴിക്കോട് CPIM ജില്ലാ കമ്മിറ്റി ഓഫീസിലും തുടർന്ന് കൊയിലാണ്ടി ടൗൺഹാളിലും പൊതുദർശനത്തിന് വെക്കും. നാളെ വൈകിട്ട് അത്തോളി കുനിയിൽക്കടവ് ജുമഃ മസ്ജിദ് ഖബർസ്ഥാനിലാണ് കബറടക്കം.

✪✪✪

കണ്ണൂർ പറശ്ശിനിക്കടവ് മുത്തപ്പൻ ക്ഷേത്രത്തിലെ തിരുവപ്പന ഉത്സവത്തിന് നാളെ കൊടിയേറും. ഈ മാസം ആറു വരെയാണ് ഉത്സവം.

✪✪✪

*News Editor : വികെ സുരേഷ്*
*News Reader: നിമിഷ ജി*
*NRT: അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*